# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 221 — 02/03/2020-ൽ മറുപടിക്ക്

## വിദ്യാർത്ഥികളിലെ ദന്തസംരക്ഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുഹമ്മദ് മുഹസിൻ പി. | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) |
| എ) | വളരെ ചെറിയ കുട്ടികളിലെ ദന്തക്ഷയം നേരത്തെ കണ്ടുപിടിക്കുന്നതിനും അതിനു വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികൾ ആണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | എ) | വളരെ ചെറിയ കുട്ടികളിലെ ദന്തക്ഷയം (Early Childhood Caries) നേരത്തെ കണ്ടു പിടിക്കുന്നതിനും അതിനു വേണ്ട പ്രതിവിധികൾ നിർദ്ദേശിക്കുന്നതിനും വേണ്ടി സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിലെ ദന്ത വിഭാഗം ഏകദേശം 200 ഓളം ഡെന്റൽ ക്യാമ്പുകളും, പ്രതിരോധ പ്രവർത്തനങ്ങളും, ബോധവൽക്കരണ ക്ലാസുകളും നടത്തിയിട്ടുണ്ട്. മാത്രവുമല്ല കേരളത്തിലെ 159 ഡെന്റൽ യൂണിറ്റുകളിലും ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിലുള്ള 89 ഡെന്റൽ യൂണിറ്റുകളിലും വളരെ ചെറിയ കുട്ടികളിലെ ദന്തക്ഷയം നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുള്ള സൗകര്യമുണ്ട്. സ്ഥിരം (Regular) പീഡോഡോൺടിസ്റ്റുകൾ കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിൽ തെരഞ്ഞെടുക്കപ്പെട്ട 7 കേന്ദ്രങ്ങളിൽ കൂടി പീഡോഡോൺടിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ ഭാഗമായി സ്കൂളുകളിൽ ദന്ത പരിശോധനാ ക്യാമ്പുകൾ നിർബന്ധമായും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | നിലവിൽ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ